# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2300

23.01.2014 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണത്തിലൂടെയുള്ള നേട്ടങ്ങൾ

**ചോദ്യം**

ശ്രീ. ജോസഫ് വാഴക്കൻ

ശ്രീ. വർക്കല കഹാർ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. സി.പി. മുഹമ്മദ്

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണത്തിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്;

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നടത്തിയ 3 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ 16293 (പതിനാറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന്) കോടി രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) എത്ര രൂപയാണ് സമാഹരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിലൂടെ എത്ര രൂപ സമാഹരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) യും (സി) യും ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ 3 നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ സമാഹരിക്കാൻ ലക്ഷ്യമിട്ടതും സമാഹരിച്ചതുമായ തുക ചുവടെ ചേർക്കുന്നു

| നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിച്ച മാസവും വർഷവും | ലക്ഷ്യമിട്ടത് | നേടിയത് |
|---|---|---|
| | (തുക കോടിയിൽ) | |
| നവംബർ 2011 | 3000 | 4425.09 |
| ഡിസംബർ 2012 | 4500 | 5194.36 |
| ഡിസംബർ 2013 | 5000 | 6674.00 |

| | | | |
|---|---|---|---|
| (ഡി) | നിക്ഷേപ സമാഹരണത്തിൽ ഉണ്ടായ നേട്ടങ്ങൾക്ക് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; | (ഡി) | നിക്ഷേപ സമാഹരണത്തിൽ ഉണ്ടായ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിന് നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കേണ്ടതുണ്ട്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനും, വിശ്വാസം ആർജിക്കുന്നതിനുമായി നിക്ഷേപ ഗ്യാരന്റി സ്കീം 2012 രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. |
| (ഇ) | ഇതിനായി ഏതെല്ലാം തരം സഹകരണ ബാങ്കുകളും സംഘങ്ങളുമാണ് സഹകരിച്ചത്; വിശദമാക്കുമോ? | (ഇ) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങളാണ് നിക്ഷേപ സമാഹരണ യജ്ഞത്തിൽ സഹകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ